നമ്പർ. 23822/പാർല/2019/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4449** **13.11.2019- ൽ മറുപടിക്ക്**

**<u>പട്ടിക വിഭാഗങ്ങൾക്കെതിരായ കേസുകളിലെ ഇടപെടൽ</u>**

**ചോദ്യം**

ശ്രീ.ടി.ജെ. വിനോദ്

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | വാളയാറിൽ രണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ പീഡനത്തെ തുടർന്ന് മരണമടഞ്ഞ കേസിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്ന് ആക്ഷേപമുള്ള പ്രോസിക്യൂഷന് എതിരെ അന്വേഷണത്തിന് ഉത്തര വിടാൻ നിയമവകുപ്പ് ആവശ്യപ്പെടുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ബിസിനസ് റൂൾസ് പ്രകാരം സിവിലും ക്രിമിനലും നീതിന്യായഭരണവുമായി ബന്ധപ്പെട്ട 'വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ആഭ്യന്തര വകുപ്പായതിനാൽ ക്രിമിനൽ കേസുകളിൽ പ്രോസിക്യൂഷൻ നടത്തുന്നതും പോക്സോ കേസുകളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതും ആഭ്യന്തര വകുപ്പാണ്. ആയതിനാൽ അന്വേഷണത്തിന് ഉത്തരവിടാൻ നിയമവകുപ്പിന് അധികാരമില്ല. |
| ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കേസുകളിൽ പ്രതികൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ പിന്നീട് സർക്കാരിന്റെ തന്നെ ഉന്നത സ്ഥാനത്ത് തുടരുന്നത് തടയാൻ വകുപ്പ് മുൻകൈയെടുക്കുമോ; വ്യക്തമാക്കുമോ? | പാലക്കാട് ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർ പേഴ്സൺ അഡ്വ. എൻ. രാജേഷ്, മെമ്പർ അഡ്വ. അപർണ എന്നിവർ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വുമൺ & ചിൽഡ്രൻസ് ഹോമിൽ 13.03.2019 ൽ സന്ദർശനം നടത്തവേ ഒരു കേസിലെ കുട്ടിയെപ്പറ്റി അന്വേഷിക്കുകയും ആ കേസിൽ പ്രതികൾക്ക് അനുകൂലമായി സംസാരിക്കുകയും ചെയ്തു എന്നും പിന്നീട് അന്വേഷണത്തിൽ കേസിൽ പ്രതികൾക്ക് വേണ്ടി ഹാജരായത് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സന്റെ ഓഫീസാണെന്നും അറിയാൻ |

| | | |
|---|---|---|
| | | സാധിച്ചതായും ഇത്തരം അംഗങ്ങളെ സർക്കാർ സംവിധാനത്തിന്റെ ഭാഗമാക്കുന്നത് അപകടകരമാണെന്നും സർക്കാരിന് പരാതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ശിശു വികസന വകുപ്പ് ഡയറക്ടറേയും സാമൂഹ്യ നീതി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയേയും ചുമതലപ്പെടുത്തി ഉത്തരവായി. പാലക്കാട് ജില്ലയിലെ വാളയാറിലെ 2 പെൺകുട്ടികൾ പീഡനത്തെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട കേസിൽ പ്രതികൾക്ക് വേണ്ടി പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർ പേഴ്സൺ അഡ്വ. എൻ രാജേഷ്. ഹാജരായി എന്ന മാദ്ധ്യമ വാർത്തയെത്തുടർന്ന് ടി വിഷയവും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. ഈ അന്വേഷണ സംഘത്തിന്റെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അഡ്വ. എൻ. രാജേഷിനെ പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർ പേഴ്സൺ, മെമ്പർ എന്നീ നിലകളിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ വിലക്ക് ഏർപ്പെടുത്തി G.O.(Rt)No.678/2019/SJD dated 28.10.2019 പ്രകാരം ഉത്തരവായിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ഇപ്പോൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർ പേഴ്സൺ/ മെമ്പർ സ്ഥാനങ്ങളിൽ നിന്നും ടിയാൻ രാജി വച്ചതായി 6.11.2019 ലെ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ